**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.259** — **18.07.2016-ൽ മറുപടിക്ക്**

## തീരദേശ പാക്കേജ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ബി. സത്യൻ**<br>**ശ്രീ.കെ.വി. അബ്ദുൾ ഖാദർ**<br>**ശ്രീ. എം രാജഗോപാലൻ**<br>**ശ്രീമതി. യു. പ്രതിഭാഹരി** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ)) | സംസ്ഥാനത്ത് തീരദേശപാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സി. ആർ. ഇസഡ് പരിധിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റി താമസിപ്പിക്കുന്നതിന് സമഗ്ര തീരദേശ പാക്കേജ് നടപ്പിലാക്കുന്നതാണ്. യൂണിറ്റൊന്നിന് ഭൂമിയും വീടും നല്കുന്നതിന് 10 ലക്ഷം രൂപ വരെ ധന സഹായം നല്കുന്ന പുതിയ ഒരു പദ്ധതി 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ വാസയോഗ്യമായ ഭവനമില്ലാത്ത എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭവന നിർമ്മാണത്തിനും സ്വന്തമായി വസ്തുവില്ലാത്തവർക്ക് ഭൂമി വാങ്ങിവീട് വെയ്ക്കുന്നതിനും, എല്ലാ ഭവനങ്ങളിലും ഉപയോഗ യോഗ്യമായ ശൗചാലയങ്ങൾ ഉറപ്പ് വരുത്തുന്നതിനും ഉദ്ദേശിക്കുന്നു. തീരദേശത്തെ മാലിന്യ സംസ്കരണം ലക്ഷ്യമിട്ട് 'ശുചിത്വതീരം' പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കാനും ഉദ്ദേശിക്കുന്നു. വിശദ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിനും അനുയോജ്യമായ തീരസംരക്ഷണ സംവിധാനങ്ങൾ സൃഷ്ടിച്ച് തീരദേശ ജനതയെ കടൽ ക്ഷോഭ ദുരിതങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്തരമൊരു പദ്ധതി ആവിഷ്കരിക്കരിക്കുന്നതിന്റെ ആദ്യപടിയായി ഇതിന്റെ സാദ്ധ്യതാ പഠനം നടത്തുന്നതിന് നടപ്പു വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 50 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാക്കേജിനായി എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വിവിധങ്ങളായ ഘടകങ്ങളെ സംയോജിപ്പിച്ചു കൊണ്ട് നടപ്പാക്കുന്ന ഈ പദ്ധതിക്ക് വിവിധ ശീർഷകങ്ങളിലായി 198 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര തീരദേശ വികസനപാക്കേജ് നടപ്പാക്കുന്നതിന്റെ ആദ്യ ഘട്ടമായി 25 കോടി രൂപ 2016 ജൂലൈ 8 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ സർക്കാർ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതായി ആക്ഷേപമുള്ള 'മാതൃകാ മത്സ്യ ഗ്രാമം പദ്ധതി', ന്യൂനതകൾ പരിഹരിച്ച് പുനരാവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | മത്സ്യഗ്രാമങ്ങളിലെ അടിസ്ഥാന പ്രശ്നങ്ങൾ മുഴവൻ മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് സംസ്ഥാനത്തൊന്നാകെ പരിഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിൽ 222 കടലോര മത്സ്യഗ്രാമങ്ങളും 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളും നിലവിലുണ്ട്. അവയുടെ സമഗ്രപുരോഗതിയാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ